# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2420** **08.03.2017-ൽ മറുപടിയ്ക്ക്**

## ലോട്ടറി മേഖലയുടെ സംരക്ഷണം

| | ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. ജോർജ് എം. തോമസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട് |
| (ബി) | നോട്ട് അസാധുവാക്കലിനെ തുടർന്ന് പ്രതിസന്ധിയിലായ ലോട്ടറി മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഏജന്റുമാർക്കും, വിൽപ്പനക്കാർക്കും ഉണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനായി 10 നറുക്കെടുപ്പുകൾ നീട്ടിവയ്ക്കുകയും, 20-11-16 മുതൽ 27-11-16 വരെയുള്ള 8 നറുക്കെടുപ്പുകൾ റദ്ദ് ചെയ്യുകയുമുണ്ടായി. കൂടാതെ നിർമ്മൽ ഭാഗ്യക്കുറിയുടെ 3 നറുക്കെടുപ്പുകളും റദ്ദാക്കി. ടിക്കറ്റുകൾ വിൽക്കപ്പെടാതെ വന്നതിനെ തുടർന്ന് ടിക്കറ്റച്ചടി ഗണ്യമായി കുറയ്ക്കുകയും ചെയ്തു. നിലവിൽ വിപണിയിലെ ഡിമാന്റിനനുസൃതമായി ടിക്കറ്റച്ചടി വർദ്ധിപ്പിച്ചു വരുന്നു. |
| (സി) | നോട്ട് നിരോധനത്തെ തുടർന്ന് സംസ്ഥാന സർക്കാരിന് ലോട്ടറികൾ റദ്ദാക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | നോട്ട് നിരോധനത്തെ തുടർന്ന് ലോട്ടറി വ്യാപാര മേഖല പ്രതിസന്ധിയിലാവുകയും ഭാഗ്യക്കുറി ഏജന്റുമാർക്ക് ലോട്ടറി ഓഫീസുകളിൽ നിന്ന് ടിക്കറ്റ് വാങ്ങാനോ മുൻകൂട്ടി വാങ്ങിയ ടിക്കറ്റുകൾ |

വിൽക്കുന്നതിനോ സാധിക്കാത്ത സാഹചര്യവുമുണ്ടായി. ഇതിനെ തുടർന്ന് 20-11-16 മുതൽ 27-11-16 വരെയുള്ള 8 നറുക്കെടുപ്പുകളും നിർമ്മൽ ഭാഗ്യക്കുറിയുടെ 3 നറുക്കെടുപ്പുകളും റദ്ദ് ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഭാഗ്യക്കുറി | നറുക്കെടുപ്പ് തീയതി |
|---|---|
| RN-263 | 20-11-16 |
| W-386 | 21-11-16 |
| SS-30 | 22-11-16 |
| AK-268 | 23-11-16 |
| KN-137 | 24-11-16 |
| BN-265 | 25-11-16 |
| KR-269 | 26-11-16 |
| RN-264 | 27-11-16 |
| NR-6 | 16-12-16 |
| NR-7 | 06-01-17 |
| NR-8 | 20-01-17 |

**(ഡി)** ഇതിന്റെ ഫലമായി ഇക്കാലയളവിൽ എത്ര കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടായിട്ടുള്ളതായാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(ഡി)** ഭാഗ്യക്കുറി വകുപ്പിന്റെ, 2016 സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങളിലെ വരുമാനം യഥാക്രമം 732.03, 735.33 കോടി രൂപ വീതമായിരുന്നു. കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച 2016 നവംബർ 8-നു ശേഷം ഫെബ്രുവരി വരെ ലോട്ടറി വിൽപ്പനയിലൂടെ ഭാഗ്യക്കുറി വകുപ്പിന് സംഭവിച്ച റവന്യൂ നഷ്ടം ചുവടെ ചേർക്കുന്നു.

| മാസം | ഭാഗ്യക്കുറി വകുപ്പ് പ്രതീക്ഷിച്ച വരുമാനം (കോടി രൂപയിൽ) | ഭാഗ്യക്കുറി വകുപ്പിന് ലഭിച്ച വരുമാനം (കോടി രൂപയിൽ) | ഏകദേശ റവന്യൂ നഷ്ടം (കോടി രൂപയിൽ) |
|---|---|---|---|
| നവംബർ 2016 | 740 | 372.70 | 367.3 |
| ഡിസംബർ 2016 | 743 | 521.46 | 221.54 |

| | | | |
|---|---|---|---|
| ജനുവരി 2017 | 745 | 564.74 | 180.26 |
| ഫെബ്രുവരി 2017 | 745 | 568.94 | 176.06 |
| **ആകെ** | **2973** | **2027.84** | **945.16** |

| | | | |
|---|---|---|---|
| **(ഇ)** | ലോട്ടറി നിയമങ്ങൾ ലംഘിച്ച് അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(ഇ)** | അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നില്ല. അനധികൃത/ നിയമവിരുദ്ധ ലോട്ടറികളെ നിയന്ത്രിക്കുന്നതിനായി സംസ്ഥാന ഇന്റലിജൻസ് മേധാവി അധ്യക്ഷനായി സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സമിതിയും, അതാത് ജില്ലാ കളക്ടർമാർ അധ്യക്ഷനായി ജില്ലാതല ലോട്ടറി മോണിറ്ററിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്. അനധികൃത ലോട്ടറി സംബന്ധിച്ച് ഈ സമിതികൾ നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| **(എഫ്)** | സംസ്ഥാനത്ത് വ്യാജ ലോട്ടറികൾ തടയുന്നതിന് ലോട്ടറിയുടെ അച്ചടിയിലും നടത്തിപ്പിലും കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | **(എഫ്)** | ഭാഗ്യക്കുറി ടിക്കറ്റുകളിൽ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി 11-02-2017-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിക്കറ്റ് അച്ചടിയിൽ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**